# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 892 10.02.2016-ൽ മറുപടിക്ക്**

**ജലനിധി ഒന്നാംഘട്ടം പൂർത്തിയാക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>,, കെ.മുരളീധരൻ<br>,, സണ്ണി ജോസഫ്<br>,, പി.എ.മാധവൻ : | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ. | ജലനിധി ഒന്നാംഘട്ടം നടപ്പിലാക്കിയത് 2001-2008 കാലയളവിലാണ്.ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി. | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി. | ഗ്രാമീണ മേഖലയിൽ കുടിവെള്ള വിതരണത്തിനും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് സുസ്ഥിരത ഉറപ്പു വരുത്തുന്നതിനാണ് ജലനിധി ആത്യന്തികമായി ലക്ഷ്യമിടുന്നത്. കേന്ദ്രീ കൃത ജലവിതരണ സംവിധാനങ്ങൾക്ക് പകരം, വികേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ജലവിതരണ ശുചിത്വ മേഖലയിലെ സംവിധാനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. |
| സി. | പദ്ധതി നടപ്പാക്കുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി. | ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതി കളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ